*ബാബ അപരാഹ്നവേളകളിൽ പ്രശാന്തിനിലയത്തിലെ വരാന്തയിൽ തനിക്കു ചുറ്റും കൂടുന്ന വിദ്യാർത്ഥികൾക്ക് നൽകുന്ന പ്രധാന സന്ദേശങ്ങളിൽ ചിലത് തെരഞ്ഞെടുത്ത് അധിക സത്സംഗമായി അവതരിപ്പിക്കുകയാണ് പ്രഫസർ അനിൽകുമാർ. പ്രശാന്തിനിലയത്തിൽ നടന്ന പല സംഭവങ്ങളും ഇതിൽ പരാമർശിക്കപ്പെടുന്നു. ഈ പ്രഭാഷണം തുടരും.*

# വിദ്യാർത്ഥികളുമായുള്ള ബാബയുടെ സംഭാഷണങ്ങൾ

**പ്രഫസർ അനിൽകുമാറിന്റെ സത്സംഗം**

## സായീ വിവേകമുത്തുകൾ(Sai Pearls of Wisdom) ഭാഗം 46 B

**പ്രശാന്തി സന്ദേശം ഞായർ പോഡ്കാസ്റ്റ്**

**ജൂലൈ 13, 2023**

# ഷിർദ്ദി അനുഭവം

ഓം ശ്രീ സായിരാം!

പ്രശാന്തി സന്ദേശം, സായി വിവേകമുത്തുകളിലേക്ക് സ്വാഗതം!

നമ്മൾ നമ്മുടെ ഏറ്റവും പ്രിയങ്കരനായ ഭഗവാന്റെ ജീവചരിത്രത്തിലൂടെ കടന്നുപോവുകയാണ്. ഇത് കേവലം വിവരണാത്മകമോ വർണ്ണനയോ അല്ല. നാം അവിടുത്തെ ജീവിതത്തിൽ നിന്നും പാഠങ്ങൾ സ്വാംശീകരിക്കണമെന്നും നമ്മുടെ ജീവിതത്തിന്റെ മൂല്യം മെച്ചപ്പെടുത്തണം എന്നുമുള്ള ഉദ്ദേശ്യത്തോടെയാണ് ഈ ഉദ്യമം ഏറ്റെടുത്തിട്ടുള്ളത്. അതാണ് അവതാരത്തിന്റെ ഉദ്ദേശ്യം, ഈ ലക്ഷ്യത്തോടെ, ഈ മാർഗത്തിലാണ് നാം ഭഗവാൻ ബാബയുടെ ജീവചരിത്ര പഠനം ആരംഭിച്ചിട്ടുള്ളത്.



ശരി, ഓരോരുത്തരുടെയും വകയായുള്ള പീഢനം, അഗ്നിപരീക്ഷ, അലട്ടൽ ഇവയിലൂടെ കടന്നുപോയ ശേഷം, അവസാനം ബാബ സൗഹാർദ്ദത്തിലും സഹകരണത്തിലും മുന്നോട്ടു പോകാൻ തീരുമാനിച്ചതു പോലെ കാണപ്പെട്ടു. ഈശ്വരാമ്മയും സുബ്ബമ്മയും, അവർക്ക് നിറയെ സന്തോഷമാകുമാറ് വിശിഷ്ട വിഭവങ്ങൾ അവിടുന്നിനെ ഊട്ടാൻ അനുവദിക്കപ്പെട്ടു.

ഒരു ദിവസം, പെനുക്കൊണ്ടയിൽനിന്ന് ആരോ, ഒരു പക്ഷേ മുമ്പ് പ്രകോപിപ്പിക്കപ്പെട്ട കേശവയ്യയുടെ നിർബന്ധത്തിലാവാം, രാജുവിന്റെ ഭവനത്തിലെത്തി. താൻ ഷിർദ്ദിയിലെ സായി ബാബയാണെന്ന രാജുവിന്റെ ധിക്കാരപൂർവമുള്ള അവകാശവാദം കേട്ടിട്ട്, അയാൾ തറപ്പിച്ച നോട്ടത്തോടെ ഒരു വെല്ലുവിളിയെറിഞ്ഞു: "നീ ആരാണെന്ന് ഞങ്ങൾക്കറിയാം! നീയൊരു വെറും കൊച്ചു പയ്യനാണ്, വെങ്കമ്മരാജുവിന്റെയും ഈശ്വരമ്മയുടെയും മകൻ. എന്നാൽ, നീ സബ്-രജിസ്ട്രാർ ആരാധിക്കുന്ന അതേ സായി ബാബയാണെങ്കിൽ, ഇപ്പോൾ ഞങ്ങൾക്ക് തെളിവു തരൂ!"

പരിചിതമല്ലാത്ത ശബ്ദം വീട്ടിൽ ധാർഷ്ട്യപൂർവം മുഴങ്ങുന്നതു കേട്ടിട്ട്, ഈശ്വരാമ്മ അകത്തളത്തിൽനിന്നും ഇറങ്ങിവന്നു.

"ഞാൻ നിങ്ങൾക്ക് തെളിവ് തരാം!" രാജു അക്ഷോഭ്യനായി പറഞ്ഞു.

പൂക്കൾ കൊണ്ടു വരുന്നതിന് അവിടുന്ന് ആവശ്യപ്പെട്ടു.

അത് കൊണ്ടുവരുന്നതിന് ആ മനുഷ്യൻ ഈശ്വരാമ്മയോടു തന്നെ ആവശ്യപ്പെട്ടു, വിറയലോടെ അവരത് ചെയ്തു.



ഒരു ദ്രുതചേഷ്ടയിൽ രാജു അവ തറയിലേക്ക് ചുഴറ്റിയെറിഞ്ഞു. "അവിടെ നോക്കൂ, അതാകുന്നു ഞാൻ!"

പൂവിതളുകൾ സ്വയം 'സായി ബാബ' എന്ന തെലുങ്കു വാക്കുകൾ ക്രമീകരിക്കുന്നതിന് അവരെല്ലാവരും ദൃക്സാക്ഷികളായി.

ഏതായാലും, നാവിട്ടടിക്കൽ നിന്നു. കേശവയ്യ പിന്നീട് പുട്ടപർത്തി സന്ദർശിച്ചു, നാല് ദിവസം അവിടെ തങ്ങി. ഭജനയിലും പങ്കു കൊണ്ടു.

പോകുന്നതിനു മുമ്പ് അദ്ദേഹം പറഞ്ഞു, "നീ എന്നേക്കാളും വലിയവനാവും! മഹത്തായ കാര്യങ്ങൾ നടക്കും! സമസ്ത ലോകരും നിന്റെയടുത്ത് വരും! നിനക്ക് ഇന്ദിരാ വൈഭവം ഉണ്ടാകും! ഭരണകർത്താക്കളും മാലാഖമാരും നിന്റെ പാദത്തിൽ വരും!" രാജു വിഭൂതി നൽകി, അദ്ദേഹമത് സ്വീകരിക്കുകയും ചെയ്തു.

ഇക്കാലയളവിൽ, ഈശ്വരാമ്മ തനിക്കുണ്ടായ ഒരു പൂർവകാല ദർശനം സുബ്ബമ്മയോട് വെളിപ്പെടുത്തുന്നു. അതിൽ, രാജു അവരുടെ മുമ്പാകെ താടി വച്ച ഒരു വൃദ്ധനായി പ്രത്യക്ഷപ്പെട്ടു. രാജു കൊച്ചുകുട്ടി ആയിരിക്കെ, തന്നെ പതിവായി റൊട്ടി തീറ്റിക്കുമായിരുന്ന ഒരു വൃദ്ധനായ ഫക്കീറിനെപ്പറ്റി പറയാറുണ്ടായിരുന്നത് അവരോർത്തു. ആ കുഴപ്പിക്കുന്ന

സംഭവങ്ങൾക്ക് ഇപ്പോൾ നിഗൂഢമായ ഒരു മാനം കൈവന്നിരിക്കുന്നു, വരും വർഷങ്ങളിൽ സ്വയം തെളിയാനിരുന്ന ഒരു ബന്ധം വെളിപ്പെടുത്തിക്കൊണ്ട്.

സുബ്ബമ്മ അന്ത:പ്രേരിതമായി ആ സാഹചര്യം ഉൾക്കൊണ്ടിട്ട്, പുത്രന്റെ കുസൃതിയാൽ അവർ വഴി തെറ്റരുതെന്ന് ആകാംക്ഷാഭരിതയായ ഈശ്വരമ്മയോട് പറയുകയുണ്ടായി. ‘‘ഇങ്ങനെയൊക്കെയിരിക്കിലും’’, അവർ ഉപദേശിച്ചു, ‘‘കൃഷ്ണനും ഇങ്ങനെതന്നെ വികൃതിയായിരുന്നില്ലേ, ഒരു സമയത്ത് ‘ഹരി’യും മറ്റൊരിക്കൽ ‘ഗോപാലനും’ ആയിരുന്നില്ലേ?’’



രാജു വീണ്ടും ഉഷാറായതിൽ രണ്ടു സ്ത്രീകളും ആശ്വസിച്ചു, അവൻ അവന്റെ ചങ്ങാതിമാരുമായി കൂടിയില്ലെന്നാലും. അവൻ മലകളിലേക്ക് ഒറ്റയ്ക്ക് നടക്കും, ഒറ്റയടിക്ക് മണിക്കൂറുകളോളം പാറപ്പുറത്ത് മൗനമായി ഇരിക്കും. സുബ്ബമ്മ ചിത്രാവതീതീരത്തെ അവനു പ്രിയപ്പെട്ട ഇടങ്ങളിൽ സ്ഥിരമായി അവനെ തെരഞ്ഞു നടക്കും, അവനെ സ്വന്തം കൈകളാൽ ഊട്ടുന്നതിനായി.

മറ്റു ചിലപ്പോൾ രാജു രാത്രിയിൽ വീടു വിട്ടിറങ്ങി ഒരു ലക്ഷ്യവുമില്ലാതെ ചുറ്റിത്തിരിയും. ഒരു ദിവസം, അവിടുത്തെ സഹോദരിയായ വെങ്കമ്മ രാജു, രാജുവിനെ അവരുടെ ഗൃഹത്തിലേക്ക് വിളിച്ചപ്പോൾ, അവിടുത്തെ ബാല്യകാല സുഹൃത്തുക്കളായ തുംഗ ഗംഗപ്പ, കനസലി വെങ്കപ്പ, വാസി നാരായണ ഇവരും അവിടുന്നിനെ അനുഗമിക്കുകയുണ്ടായി. രാജു ചെന്നിട്ട് കട്ടിലിൽ കിടപ്പായി. അയൽപക്കത്തേക്ക് പോകുമ്പോൾ, രാജുവിന്റെ മേൽ ഒരു കണ്ണുണ്ടാവണമെന്ന് അവൾ അവിടുത്തെ സുഹൃത്തുക്കളെ ചട്ടംകെട്ടി.

അവിടുത്തെ ചുരുങ്ങിയ കാലത്തെ വാസത്തിനിടയ്ക്ക്, രാജു പരസഹായമില്ലാതെതന്നെ പെട്ടെന്ന് എണീൽക്കാൻ തുടങ്ങി. അപ്രകാരം ചെയ്യുന്നതിൽനിന്ന് അവനെ വിലക്കുന്നതിന് അവർ ശ്രമിച്ചപ്പോൾ, അവൻ അവരെ കുതറിയെറിഞ്ഞു. പിന്നെ അവരെല്ലാവരും കൂടി പിടിച്ച് അവനെ കിടക്കയിൽ കിടത്തി. അവൻ നല്ല ഉറക്കത്തിലായി, കുറച്ചുനേരം

കഴിഞ്ഞ് ഉണർന്നിട്ട്, അവൻ മൂന്ന് ചങ്ങാതിമാരെയും തിരിച്ചറിഞ്ഞു, എന്നിട്ട് അവരോട് തിരക്കി, ‘‘നിങ്ങൾ എപ്പോളാണ് വന്നത്?’’

‘‘നമ്മൾ ഭജനയിലായിരുന്നല്ലോ! അവിടെയായിരുന്നില്ലേ നമ്മൾ? നാളെ വീണ്ടും നമുക്ക് ഭജന നടത്തണം! നിങ്ങളെല്ലാവരും വരണം!’’

ഭജന പാടിക്കൊണ്ടിരിക്കുമ്പോൾ, അവിടുന്ന് പൊടുന്നനവെ അവിടം വിട്ടു പോവും, ഇഷ്ടമുള്ളിടത്തേക്ക് നടക്കും. ഗ്രാമവാസികൾ അവനെ ഭ്രാന്തൻ കുട്ടിയെന്ന് വിളിച്ചു.

രാജു പറയും, ‘‘എനിക്ക് ഭ്രാന്തില്ല! നിങ്ങൾക്കൊക്കെയാണ് ഭ്രാന്ത്!’’

ഷിർദ്ദി ആരാധന പുട്ടപർത്തിയിൽ പതിവായി തുടങ്ങുകയായിരുന്നു. രാജുവിന്റെ അമ്മാവന്മാരായ വെങ്കട രാമ രാജുവും വെങ്കട സുബ്ബ രാജുവും ഷിർദ്ദിയിലെ സായിബാബയുടെ ഭക്തരായിരുന്നു, രാജു ആ സായി ബാബ ആണെന്ന് സ്വയം പ്രഖ്യാപിക്കുന്നതിന് വളരെ മുമ്പേ.



വെങ്കട സുബ്ബ രാജു ഒരു ഷിർദ്ദി ബാബ ഛായാചിത്രം കൊണ്ടുവന്ന് അതിനു മുമ്പാകെ ആരാധന തുടങ്ങി. ആരാധന നടക്കുമ്പോൾ രാജു അദ്ദേഹത്തിനു പുറകിലായി ഇരിക്കും, നിരവധി സന്ദർഭങ്ങളിൽ സമാധിയിൽ താഴെ വീഴും. വെങ്കട സുബ്ബ രാജു മിക്കപ്പോഴും സായി ബാബയുടെ ജീവചരിത്രം ഉറക്കെ വായിക്കും. എപ്പോഴൊക്കെ അവിടുന്ന് കേൾക്കുന്നുവോ, രാജു അതിലെ തെറ്റുകൾ ചൂണ്ടിക്കാണിച്ച് എവിടെയാണ് പിശകെന്ന് വിശദീകരിക്കും-പേജ് നമ്പരും ഖണ്ഡികയും അഥവാ വരിയും ഉൾപ്പടെ. രാജു സായി ബാബയുടെ ഛായാചിത്രത്തിനു മുമ്പാകെ ഒരു പുലിത്തോലിൽ ഇരിക്കും, എന്നിട്ട് ഒന്നും മിണ്ടാതെയും കഴിക്കാതെയും ഒന്നും ചെയ്യാതെയും സമയം ചെലവഴിക്കും.

ഒരു ദിവസം, കുറേ ചെറുപ്പക്കാർ രാജുവിനെ പരീക്ഷിക്കണമെന്നും അവന്റെ ക്രമം തെറ്റിയ പെരുമാറ്റത്തിന്റെ കാരണം അറിയണമെന്നും ആഗ്രഹിച്ചു. അതിനാൽ അവർ ചെന്നിട്ട് അവനോട് തിരക്കി, ‘‘എന്താ, സത്യ നാരായണാ? നീ എന്തുകൊണ്ടാണ് ഒന്നും തിന്നുകയും കുടിക്കുകയും ചെയ്യാത്തത്? നിനക്ക് എന്താണ് പറ്റിയത്?’’

രാജു അവരോട് പറഞ്ഞു, " നിങ്ങളൊക്കെ ഭ്രാന്തൻ കുട്ടികളാണ്!"

ഇപ്രകാരം പറഞ്ഞുകൊണ്ട്, അവിടുന്ന് സ്വന്തം കൈകൾ പുലിത്തോലിൽ ചലിപ്പിച്ച്, ഒരു 4 അണ നാണയം സൃഷ്ടിച്ചു, ഇന്നത്തെ 25 പൈസ വരും അത്, എന്നിട്ടത് അവർക്കു നൽകി. അവർ അതിശയിച്ചു!

അവരത് വാങ്ങി, 2 അണയ്ക്ക് നാളികേരവും ചന്ദനത്തിരിയും വാങ്ങി, രാജു ഇരിക്കുന്ന മുറിയിലേക്ക് മടങ്ങിവന്നിട്ട്, അവനു മുമ്പാകെ ആ നാളികേരം ഉടച്ചു.

രാജു അവരോട് ചോദിച്ചു, "എന്തിനാണ് നിങ്ങൾ ഇതെല്ലാം കൊണ്ടുവന്നത്? ഞാനത് നിങ്ങളുടെ വ്യക്തിപരമായ ചെലവിന് തന്നതാണ്. അതുകൊണ്ട്, ഇങ്ങനെ ചെയ്യണ്ടാ! പോയി, വല്ലതും വാങ്ങി കഴിക്കൂ!"

രാജുവിന് എന്തോ ശക്തിയുണ്ടെന്ന് അവർക്കെല്ലാം അപ്പോൾ ബോധ്യപ്പെട്ടു, അത് മുമ്പേ ക്കാളും അവരെ ആകാംക്ഷാഭരിതരാക്കി. അവർ അവനെ കൂടുതലായി പരീക്ഷിക്കണ മെന്ന് കരുതി ചിത്രാവതിയുടെ മണൽത്തിട്ടയിലേക്ക് അവനെ കൂട്ടിക്കൊണ്ടുപോകുന്ന തിന് തീരുമാനിച്ചു. അവിടെത്തിയപ്പോൾ രാജു പറഞ്ഞു, "നിങ്ങൾക്കെന്തു വേണം, എന്നോട് പറയൂ!"

രാജു അവർക്ക് കൽക്കണ്ടം, മധുരപലഹാരങ്ങൾ, പിന്നെ മറ്റു സാധനങ്ങൾ ഒക്കെ കൊടു ക്കണം എന്ന് എല്ലാവരും ആവശ്യപ്പെട്ടു. അവർ ആഗ്രഹിച്ചതൊക്കെ രാജു അവർക്ക് നൽകി!

അവിടുന്ന് വായുവിൽ കരങ്ങൾ ചലിപ്പിച്ച് അവർക്കായി വിഭൂതി സൃഷ്ടിച്ചു. അന്നു മുതൽക്ക് അവർ ദിവസവും അവനെ സന്ദർശിച്ചു. ഏതാനും ദിവസങ്ങൾക്കു ശേഷം അവർ രാജുവിനെ അവിടുള്ള ഗംഗമ്മ ക്ഷേത്രത്തിലേക്ക് കൊണ്ടുപോയി. അത് മാമ്പഴ ത്തിന്റെ സീസണായിരുന്നു, കൂട്ടത്തിൽ ഒരു പയ്യൻ ഒരു മാമ്പഴം ആവശ്യപ്പെട്ടു.

രാജു പറഞ്ഞു, "ആ പുളിമരത്തിൽ ഒരു മാങ്ങാ നിൽപ്പുണ്ട്! പോയി എടുത്തോളൂ!"

രാജു ഗംഗമ്മ ക്ഷേത്രത്തിൽത്തന്നെ നിൽക്കാമെന്ന് നിർബന്ധം പിടിച്ചു. പയ്യൻ മല കയ റി, ഒരു പുളിമരത്തിന്റെ ശാഖയിൽ ഒരു മാമ്പഴം നിൽപ്പുണ്ട്! നോക്കൂ! അവനാ മാങ്ങ രാജുവിന്റെ അടുത്ത് കൊണ്ടുവന്നു, അത് മുറിച്ച് എല്ലാവർക്കുമായി വീതിക്കപ്പെട്ടു.

രാജുവിൽ ലീനമായ മഹദ്ശക്തി അവസാനം വെളിവായി. രാജുവിന്റെ ഒരു പുതിയ വ്യക്തിത്വം ആവിർഭവിക്കാൻ തുടങ്ങുകയായിരുന്നു. പക്ഷേ അപ്പോഴും ആ ശരീരം അപാരമായ ആഘാതത്തിലൂടെ കടന്നുപോവേണ്ടിയിരുന്നു.



വർഷങ്ങൾക്കു ശേഷം, എന്തുകൊണ്ടാണ് ഇത്ര മാത്രം സഹനങ്ങളിലൂടെ അവിടുന്നിന് കടന്നു പോരേണ്ടിവന്നത് എന്ന് ഭക്തർ ചോദിക്കുമ്പോൾ, പരിപൂർണ നിശ്ശബ്ദതയിൽ, സായി ബാബയായിക്കഴിഞ്ഞ രാജു, പറയുമായിരുന്നു, "ആളുകൾ അന്ന് എന്നെ അറിയാൻ തയ്യാറെടുത്തിരുന്നില്ല! കൂടാതെ, മാനവരാശിയെ ക്ഷമ, സഹനം, സ്വീകാര്യത, പ്രേമം എന്നീ മഹനീയ ഗുണങ്ങൾ പഠിപ്പിക്കണമായിരുന്നു, അവർക്കു മുമ്പാകെ ഒരു ഉത്തമ മാതൃക വയ്ക്കണമായിരുന്നു എനിക്ക്! പതുക്കെ പതുക്കെ, ഞാൻ ആരാണെന്ന് എനിക്ക് അവരോട് പറയേണ്ടിയിരുന്നു!"

എന്നിരുന്നാലും, ശേഷമ്മ രാജുവിന്, രാജുവിന്റെ ജല്പനങ്ങൾക്ക് എതിരെ വലിയ വിമർശനമായിരുന്നു. ഒരു വ്യാഴാഴ്ച ദിവസം, രാജുവിന്റെ പുരികത്തിൽ നിന്ന് ദുരൂഹമായി വിഭൂതി പ്രത്യക്ഷപ്പെടുന്നത് അദ്ദേഹം ശ്രദ്ധിച്ചു. രാജുവിന് ഇരിക്കാനായി ഒരു ഇരിപ്പിടം നൽകിയപ്പോൾ, ആ പലകക്കഷണം തന്നത്താൻ വായുവിൽ ഉയർന്ന് രാജുവിന് അടുത്തായി എത്തിയത് ശേഷമ്മ രാജു കണ്ടു. എങ്ങുനിന്നെന്നില്ലാതെ ഒരു നാരങ്ങാ, മുല്ലപ്പൂക്കൾ, വിഭൂതി ഇവ പ്രത്യക്ഷമാകുന്നത്, പിന്നെ ഒരു ഒരു രൂപാനോട്ട് പ്രത്യക്ഷമായിട്ട് ഭിത്തിയിലൂടെ ഉയർന്ന് അപ്രത്യക്ഷമാകുന്നത് ഒക്കെ അദ്ദേഹം കണ്ടു.

ഓരോ വ്യാഴാഴ്ചയും അവിടുന്ന് ഒരു സമാധി(trance)യിലേക്ക് പോവും. ശേഷമ്മ രാജു ശ്രദ്ധയോടെ ഓരോ ചമത്കാരവും, അതുപോലെ ഓരോ അസാധാരണ സംഭവവും വീക്ഷിക്കും. രാജുവിന്റെ പ്രവചനങ്ങൾ അദ്ദേഹം മിക്കപ്പോഴും പരിശോധിക്കുമായിരുന്നു. പെട്ടെന്ന്, അദ്ദേഹം തൃപ്തനായി, യാതൊരു തട്ടിപ്പും അതിൽ ഇല്ലെന്ന് അദ്ദേഹത്തിന് തികച്ചും ബോധ്യമാവുകയുണ്ടായി.

നിശ്ചയമായും തന്റെ സഹോദരന് എന്തോ ശക്തിയുണ്ട്, അവൻ ഏതെങ്കിലും തരത്തിലുള്ള സന്യാസം അനുഷ്ഠിച്ചില്ലെന്നാലും, ഒരു ഗുരുവിന്റെയും സമീപം പോയിട്ടില്ലെന്നാലും, ഉപദേശമൊന്നും സ്വീകരിച്ചിട്ടില്ലെന്നാലും, ഏതെങ്കിലും സാധന അനുഷ്ഠിച്ചില്ലെന്നാലും. ഇത് പ്രധാനമാണ്! രാജു വ്യത്യസ്തനാണ് എന്ന് മൂത്ത സഹോദരന് ഉറപ്പാവാൻ തുടങ്ങിയിരുന്നു, അന്നത്തെ മാരകമായ ആ തേളുകടിക്കു ശേഷം, ഷിർദ്ദി സായി ബാബയുടെ മഹത്തായ ആത്മാവ് തന്റെ സഹോദരന്റെ ശരീരത്തിൽ ആവേശിച്ചുവോ എന്ന് അദ്ദേഹം അതിശയിച്ചു.



അവൻ പിന്നീട് പഴയ സത്യം ആയിരുന്നില്ല. അവൻ മഹത്തായ കവിതകളൊക്കെ ചൊല്ലും, സമാധിയിലേക്ക് പോകും, ഉപദേശങ്ങൾ നൽകുകയോ പ്രവചനങ്ങൾ നടത്തുകയോ ചെയ്യുന്നത് തുടർന്നു. അടുത്ത് വന്ന ആളുകളെ അവിടുന്ന് അനുഗ്രഹിച്ചു. തന്റെ ഉറവക്കൊണ്ടയിലെ അധ്യാപകവൃത്തി പുനരാരംഭിക്കേണ്ടിയിരുന്നതിനാൽ ശേഷമ്മ രാജു താമസിയാതെ മനുഷ്യരുടെ ലോകത്തേക്ക് തിരിച്ചുപോയി.

വേനലവധി കഴിഞ്ഞ് സ്കൂൾ തുറന്നപ്പോൾ, രാജുവിനെ തനിക്കൊപ്പം കൊണ്ടുപോയി സ്കൂളിൽ ചേർക്കണമെന്ന് അദ്ദേഹം തീരുമാനിച്ചു. രാജുവിന്റെ ഭാവിയെക്കുറിച്ച് ഓർത്ത് അദ്ദേഹത്തിന് ഉത്കണ്ഠയായിരുന്നു, കാരണം ഒന്നും ചെയ്യാതെയും വിദ്യാഭ്യാസമോ ജോലിയോ കൂടാതെയും രാജുവിന് എങ്ങനെ ഗ്രാമത്തിൽ കഴിയാനാവും? രാജുവിന്റെ സാങ്കൽപികമായ ഉന്മാദാവസ്ഥയ്ക്ക് ഉറവക്കൊണ്ട പരിഹാരമുണ്ടാക്കുമെന്ന് അദ്ദേഹത്തിന് ആത്മവിശ്വാസവുമുണ്ടായിരുന്നു. രാജുവിനെ സ്കൂളിൽ തിരികെ ചേർക്കണമെന്നും കൂടുതൽ പ്രയോജനപ്രദമായ പണികൾ അവനെ ഏൽപിക്കണമെന്നും അദ്ദേഹം നിർബന്ധിക്കുകയുണ്ടായി.

മാതാപിതാക്കൾ അയഞ്ഞു, രാജു അവിടുത്തെ സഹോദരനൊപ്പം തിരിച്ചയയ്ക്കപ്പെട്ടു. ഈശ്വരമ്മയും അവർക്കൊപ്പം നടന്ന് ചിത്രാവതി കടന്നു, കർണാടകനാഗപ്പള്ളി കൺമുമ്പിലെത്തിയപ്പോൾ മാത്രമാണ് അവരെ കൈവീശി യാത്രയാക്കിയത്. രാജുവിനെ തനിക്ക് മകനായി നഷ്ടപ്പെട്ടു കഴിഞ്ഞു എന്ന് അപ്പോൾ അവർക്ക് ഒട്ടും അറിവുണ്ടായിരുന്നില്ല. അവിടുന്ന് ഇപ്പോൾ ഗുരുവെന്ന നിലയ്ക്ക്, സമസ്ത ലോകത്തിന്റേതുമായിക്കഴിഞ്ഞിരുന്നു.

ഇന്നത്തേക്ക് ഭഗവാന്റെ കഥ ഇത്രയുമാണ്. അവിടുന്ന് അവിടുത്തെ സ്വത്വം വെളിപ്പെടുത്തിയതെങ്ങനെയാണെന്ന് നമുക്ക് തീർച്ചയായും മനസ്സിലാക്കാൻ പറ്റും. ഒന്നാമത്-ഷിർദ്ദി സായി ചരിതത്തിലൂടെ കടന്നുപോയിരുന്ന തന്റെ ബന്ധുക്കളെ തിരുത്തിക്കൊണ്ട്. അവർ എവിടൊക്കെ തെറ്റ് വരുത്തിയോ, അവിടൊക്കെ അവിടുന്നിന് അവരെ തിരുത്താൻ കഴിഞ്ഞു! പിന്നെ, അവിടുത്തെ സുഹൃത്തുക്കൾ അവിടുന്നിൽനിന്ന് ആവശ്യപ്പെട്ട എല്ലാ സാധനങ്ങളും പഴങ്ങളുമൊക്കെ അവിടുന്ന് സൃഷ്ടിച്ചു നൽകിയതും നമ്മൾ കണ്ടു. ബാബ കൃഷ്ണൻ തന്നെയാണെന്ന് വെളിപ്പെട്ടത് ശരിക്കും അവിശ്വസനീയവും ഈശ്വരമ്മയുടെയും സുബ്ബമ്മ ഗാരുവിന്റെയും സത് ഭാഗ്യവുമാകുന്നു, അവരത് മറ്റു രീതിയിൽ എടുക്കാതിരുന്നതും.

നമുക്ക് പിന്നീട് വീണ്ടും കാണാം.

നിങ്ങളുടെ സമയത്തിന് നന്ദി.

(തുടരും)



**പ്രഫ. അനിൽകുമാർ കാമരാജു**
(പരിഭാഷ: എം.എൻ. വിനോദ്കുമാർ)